(ഡി) നിയമനം തടഞ്ഞുകൊണ്ട് ഉത്തരവുകൾ ഒന്നും തന്നെ നിലവിലില്ല.

(ഇ) 2014-15-ന് മുമ്പ് നിലവിലുണ്ടായിരുന്ന ഒഴിവ് 2014-15-ലെ തസ്തിക നിർണ്ണയ പ്രകാരം നഷ്ടപ്പെട്ട സാഹചര്യത്തിലാണ് നിയമനം നൽകാൻ സാധിക്കാത്തത്.

(എഫ്) 29-1-2016-ലെ സ.ഉ. (പി) നമ്പർ 29/2016/പൊ.വി.വ സർക്കാർ ഉത്തരവ് പ്രകാരം തസ്തിക നിർണ്ണയം നടത്തി അധികം വരുന്ന അദ്ധ്യാപകരെ പുനർവിന്യസിച്ചതിനുശേഷം ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് ടി ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാൻ കഴിയും.

ബി.ആർ.സി. ടെയിനർമാരുടെ സ്ഥലംമാറ്റം

28(1075) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പ്രൊട്ടക്ടഡ് അദ്ധ്യാപകരാണ് ബി.ആർ.സി- കളിൽ ടെയിനർമാരായി ഇപ്പോൾ നിലവിൽ ഉള്ളത്; ഇവരുടെ സ്ഥലംമാറ്റം സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഈ ഉത്തരവ് പ്രകാരം ട്രാൻസ്ഫർ ചെയ്തവരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പത്തനംതിട്ട ജില്ലയിൽ 21-1-2015-ൽ ടെയിനർമാരെ ജില്ലാ പ്രോജക്ട് ഓഫീസർ ഏത് ഉത്തരവ് പ്രകാരമാണ് സ്ഥലം മാറ്റിയത്; അടിയന്തരമായി ഇവരെ സ്ഥലം മാറ്റാനുണ്ടായ കാരണം വ്യക്തമാക്കാമോ; ഇവരിൽ നിന്നും ട്രാൻസ്ഫർ അപേക്ഷ ക്ഷണിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ;

(സി) 2003-ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം വിന്യസിക്കപ്പെട്ട എയ്ഡഡ് സ്കൂളിലെ അദ്ധ്യാപകരെ ട്രാൻസ്ഫർ ചെയ്തപ്പോൾ ഇവർ ശമ്പളം വാങ്ങുന്ന ബന്ധപ്പെട്ട സ്കൂളുകൾക്ക് സ്ഥലംമാറ്റ ഉത്തരവ് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) അദ്ധ്യയന വർഷത്തിന്റെ അവസാനം ജില്ലാ പ്രോജക്ട് ഓഫീസർ ഇറക്കിയ സ്ഥലമാറ്റ ഉത്തരവിന് ഏതെങ്കിലും സർക്കാർ ഉത്തരവിന്റെ പിൻബലമുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ എന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് 46 സംരക്ഷിത അദ്ധ്യാപകർ ബി.ആർ.സി.കളിൽ ടെയിനർമാരായി നിലവിൽ പ്രവർത്തിക്കുന്നുണ്ട്. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ ഇവരുടെ സ്ഥലംമാറ്റം സംബന്ധിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്. ട്രാൻസ്ഫർ ചെയ്തവരുടെ വിശദാംശം ജില്ലതിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ കത്ത് നമ്പർ എ3-4482/2015/എസ്.എസ്.എ. തീയതി 12-5-2015 പ്രകാരമാണ് സ്ഥലം മാറ്റം നൽകിയത്. എസ്.എസ്.എ-യുടെ പ്രവർത്തനങ്ങളിൽ സംരക്ഷിത അദ്ധ്യാപകർ സജീവമായി ഇടപെടുന്നില്ലായെന്ന ബി.പി.ഒ.-മാരുടെ റിപ്പോർട്ടുകൾ പ്രകാരവും 2003 മുതൽ നാളിതുവരെ ഒരേ ബി.ആർ.സി.-യിൽ തുടരുന്നതായുള്ള കാരണത്താലുമാണ് സ്ഥലംമാറ്റ ഉത്തരവ് നൽകിയിട്ടുള്ളത്. അവരിൽ നിന്നും അപേക്ഷ സ്വീകരിച്ചതിനുശേഷമാണ് അവർക്ക് സൗകര്യപ്രദമായ ബി.ആർ.സി.കൾ നൽകിയത്.

(സി) സ്ഥലംമാറ്റ ഉത്തരവിന്റെ പകർപ്പ് എ.ഇ.ഒ.-മാർക്കും സ്കൂൾ അധികൃതർക്കും നൽകിയിട്ടുണ്ട്.

(ഡി) ഭരണപരമായ സൗകര്യാർത്ഥം എസ്.എസ്.എ. പ്രോജക്ടിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കായി ജില്ലയ്ക്കുള്ളിൽ പരാതിക്ക് ഇടം നൽകാതെ സ്ഥലം മാറ്റം നടത്തുന്നതിന് സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, ജില്ലാ പ്രോജക്ട് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഗവ. യു.പി. സ്കൂൾ ഹൈസ്കൂളാക്കി ഉയർത്തണമെന്ന ആവശ്യം

29(1076) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മൂളിയാർ പഞ്ചായത്തിൽ 1926 മുതൽ പ്രവർത്തിച്ചുവരുന്ന പൊവ്വൽ ഗവ. യു.പി. സ്കൂൾ (പൊവ്വൽ മൂളിയാർ - മാപ്പിള യു.പി. സ്കൂൾ) ഹൈസ്കൂളാക്കി ഉയർത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഇതു സംബന്ധിച്ച് സ്ഥലം എം.എൽ.എ-യും നാട്ടുകാരും തന്നിട്ടുള്ള നിവേദനങ്ങളിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്